# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**മേയ് 16**

**May 16**

**2019**

*1193 ഇടവം 2 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഓൺ ലൈൻ ബോധവത്ക്കരണ സെമിനാർ**

നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)ന്റെ സഹകരണത്തോടെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കോക്ലിയർ ഇംപ്ലാന്റിന് ശേഷമുളള സംസാര-ഭാഷാവികസനം : അറിഞ്ഞിരിക്കേണ്ട വസ്തുതകൾ എന്ന വിഷയത്തിൽ ഓൺ ലൈൻ ബോധവത്ക്കരണ സെമിനാർ നടത്തും. ആറന്മുള മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ നാളെ (18) രാവിലെ 10ന് നടക്കുന്ന സെമിനാറിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് പങ്കെടുക്കാം. ഫോൺ: 0468-2319998. (പിഎൻപി 1150/19)

**ഐഎച്ച്ആർഡി കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനം**

ഐഎച്ച്ആർഡിയുടെ കീഴിൽ എം.ജി സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മല്ലപ്പള്ളി (04692681426), പീരുമേട് (04869232373), പുതുപ്പള്ളി (0481 2351631), തൊടുപുഴ (04862228447) എന്നീ അപ്ലൈഡ് സയൻസ് കോളേജുകളിൽ 2019-20 അധ്യയനവർഷത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കോളേജുകൾക്ക് അനുവദിച്ച 50ശതമാനം സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറവും പ്രോസ്പെക്ടസ്സും www.ihrd.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷ പൂരിപ്പിച്ച് പ്രവേശനം ആഗ്രഹിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ പേരിൽ രജിസ്ട്രേഷൻ ഫീസായി മാറാവുന്ന 500 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം (പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് 200 രൂപ) ബന്ധപ്പെട്ട കോളേജുകളിൽ അപേക്ഷിക്കണം. തുക കോളേജുകളിൽ നേരിട്ടും അടയ്ക്കാം.

(പിഎൻപി 1151/19)

## കെൽട്രോണിൽ വിവിധ കോഴ്സുകൾക്ക് അപേക്ഷിക്കാം

കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ് സെന്ററിൽ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ മീഡിയാ ഡിസൈനിംഗ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിംഗ്, ഡിപ്ലോമ ഇൻ ഹാർഡ്വെയർ & നെറ്റ്വർക്ക് മെയ്ന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളോജിസ്, വെബ് ഡിസൈൻ ആൻഡ് ഡെവലെപ്മെന്റ്സ്, ലോട്ട്, പൈതോൺ, ജാവ, ഡോട്ട്നെറ്റ്, പിഎച്ച്പി, കംപ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ഇ-ഗാഡ്ജറ്റ് ടെക്നോളജി, ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് എന്നിവയാണ് കോഴ്സുകൾ.

വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി സെന്ററിൽ നേരിട്ട് എത്തി അപേക്ഷ സമർപ്പിക്കാം. **ksg.keltron.in** എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30. ഫോൺ: 0471-2325154/ 4016555. (പിഎൻപി 1152/19)

## ഐഎച്ച്ആർഡി കോളേജുകളിൽ ഡിഗ്രി പ്രവേശനം

ഐഎച്ച്ആർഡിയുടെ കീഴിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോഴിക്കോട് (0495-2765154), ചേലക്കര (0488-4227181), കുഴൽമന്ദം (04922-285577), മലമ്പുഴ (0491-2530010), മലപ്പുറം (0483-2736211), നാദാപുരം (0496-2556300), നാട്ടിക (0487-2395177), തിരുവമ്പാടി (0495-2294264), വടക്കാഞ്ചേരി (0492-2255061), വട്ടംകുളം (0494-2689655), വാഴക്കാട് (0483-2727070), അഗളി (04924-254699), മുതുവല്ലൂർ (0483-2713218/2714218), മീനങ്ങാടി (0493-6246446) അയലൂർ (04923-241766), താമരശ്ശേരി (0495-2223243), കൊടുങ്ങല്ലൂർ (0480-2812280) എന്നീ അപ്ലൈഡ് സയൻസ് കോളേജുകളിൽ 2019-20 അധ്യയനവർഷത്തിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും **www.ihrd.ac.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ പൂരിപ്പിച്ച്, രജിസ്ട്രേഷൻ ഫീസായി പ്രവേശനം ആഗ്രഹിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ പേരിൽ മാറാവുന്ന 350 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം (പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് 150 രൂപ) ബന്ധപ്പെട്ട കോളേജുകളിൽ നൽകണം. തുക കോളേജുകളിൽ നേരിട്ടും അടയ്ക്കാം. (പിഎൻപി 1153/19)

## പമ്പ ജലസേചന പദ്ധതി: ജലവിതരണം ഇന്ന് (17) പുനരാരംഭിക്കും

പമ്പ ജലസേചന പദ്ധതിയുടെ മണിയാർ ബാരേജിന്റെ കേടുപാടുകൾ സംഭവിച്ച മൂന്നും നാലും ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചുവരുകയാണ്. കർഷകരുടെ ആവശ്യം പരിഗണിച്ച് പമ്പാ ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലയിൽ കൂടിയുള്ള ജലവിതരണം ഇന്ന് ഉച്ചയ്ക്ക് ഒന്നിന് പുനരാരംഭിക്കും. പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് പിഐപി അധികൃതർ അറിയിച്ചു. (പിഎൻപി 1154/19)

## ഡിഫൻസ് പെൻഷൻ അദാലത്ത്

ഡിപിഡിഒയുടെ ആഭിമുഖ്യത്തിലുള്ള മിനി പെൻഷൻ അദാലത്ത് ഈ മാസം 31ന് രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ ഡിപിഡി ഓഫീസിൽ നടക്കും.

(പിഎൻപി 1155/19)

## ഭക്ഷ്യസുരക്ഷാ പരിപാടികൾ ജൂൺ ഒന്നു മുതൽ ഏഴ് വരെ

ജൂൺ ഏഴ് ലോക ഭക്ഷ്യസുരക്ഷാദിനമയി ആചരിക്കുന്നതിന്റെ ഭാഗമായി ജൂൺ ഒന്ന് മുതൽ ഏഴ് വരെ വിവിധ ഭക്ഷ്യസുരക്ഷാ പരിപാടികൾ നടത്തും. ഈറ്റ് റൈറ്റ് മേളകൾ, റാലി, ഫ്ളാഷ് മോബ്, പോസ്റ്റർ രചനാ മത്സരം, ലഘുലേഖ വിതരണം, ബോധവത്ക്കരണ ക്ലാസ്, ക്വിസ് മത്സരം എന്നിവ ഉണ്ടാകും. ഈ മാസം 29ന് ഭക്ഷ്യസുരക്ഷയും ആരോഗ്യവും എന്ന വിഷയത്തിൽ നടത്തുന്ന ക്വിസ് മത്സരത്തിൽ പ്ലസ് വൺ മുതൽ പി.ജി തലത്തിലുള്ള 23 വയസ് കഴിയാത്ത് രണ്ട് പേരടങ്ങുന്ന ടീമിന് പങ്കെടുക്കാം. മത്സരത്തിൽ പങ്കെടുക്കുന്നതിന് ഈ മാസം 22നകം അപേക്ഷ നൽകണം. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് ക്യാഷ് അവാർഡും സംസ്ഥാനതലത്തിൽ മത്സരിക്കുന്നതിന് യാത്രാചെലവും താമസ സൗകര്യവും ലഭിക്കും. മത്സരാഥികൾ സ്കൂൾ-കോളജിനെ പ്രതിനിധാനം ചെയ്താണ് അപേക്ഷിക്കുന്നതെങ്കിൽ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം മത്സരദിവസം ഹാജരാക്കണം. ഫോൺ നമ്പർ, എ-മെയിൽ വിലാസം എന്നിവ സഹിതമാണ് അപേക്ഷിക്കേണ്ടത്. സ്വതന്ത്രരായി പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖയും പാസ്പോർട്ട് സൈസ് ഫോട്ടോയും ഹാജരാകക്കണം. അപേക്ഷ അടൂർ റവന്യു ടവറിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷ ജില്ലാ ഓഫീസിൽ നേരിട്ടും foodsafetyptaadoor@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും നൽകാം. ഫോൺ: 8943346183, 9447272732, 04734 221236.

(പിഎൻപി 1156/19)

## ഷോർട്ട് ലിസ്റ്റ്

ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) മലയാളം മീഡിയം (കാറ്റഗറി നമ്പർ 227/16) തസ്തികയിലേക്കുള്ള ചുരുക്കപ്പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു. (പിഎൻപി 1157/19)

## ജാട്ട് റെജിമെന്റിൽ റിക്രൂട്ട്മെന്റ് റാലി

സൈനികരുടെയും വിമുക്തഭടന്മാരുടെയും കുട്ടികൾക്കായി ജാട്ട് റെജിമെന്റ് ഈ മാസം 27 മുതൽ 31 വരെ ജാട്ട് റെജിമെന്റ് സെന്ററിൽ റിക്രൂട്ട്മെന്റ് റാലി നടത്തും. കൂടുതൽ വിവരം ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ ലഭിക്കും. ഫോൺ: 0468 2222104.

(പിഎൻപി 1158/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മേയ് 16<br>May 16 | 2019 |
|---|---|

*1193 ഇടവം 2 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**കുരുമുളക് തൈ**

പത്തനംതിട്ട നഗരസഭ കൃഷി ഭവനിൽ കുരുമുളക് തൈ വിതരണത്തിനായി എത്തി. അപേക്ഷയും കരമടച്ച രസീതുമായി കർഷകർ കൃഷി ഭവനിൽ എത്തണമെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു. (പിഎൻപി 1159/19)

**കേന്ദ്രീയ വിദ്യാലയത്തിൽ പ്ലസ് വൺ ഒഴിവ്**

ചെന്നീർക്കര കേന്ദ്രീയ വിദ്യാലയത്തിൽ പതിനൊന്നാം ക്ലാസ് സയൻസ് വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഒറ്റ പെൺകുട്ടി ക്വാട്ടയിലേക്കും അപേക്ഷിക്കാം. 20 മുതൽ അപേക്ഷാഫോം സ്കൂൾ ഓഫീസിൽ നിന്നും വിതരണം ചെയ്യും. താൽപര്യമുള്ളവർ സ്കൂൾ ഓഫീസുമായി ബന്ധപ്പെടണം. പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈമാസം 28ന് രാവിലെ 10 വരെ. കൂടുതൽ വിവരത്തിന് സ്കൂൾ വെബ്സൈറ്റ്(www.kvchenneerkara.nic.in) സന്ദർശിക്കുകയോ, ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്യുക. ഫോൺ: 0468-2256000. (പിഎൻപി 1160/19)

**മഴക്കാലപൂർവ ശുചീകരണം: അവലോകന യോഗം ഇന്ന്(17)**

മഴക്കാല പൂർവ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധം എന്നിവയുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലയുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി പി. വേണുഗോപാലിന്റെ അ

ധ്യക്ഷതയിൽ ഇന്ന്(17) രാവിലെ 11.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. (പിഎൻപി 1161/19)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**